ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ജൻ ജാതിയ ഗൗരവ് ദിവസിൽ സ്വാതന്ത്ര്യ സമര സേനാനിയും ഗോത്രവർഗ നേതാവുമായ ബിർസമുണ്ടയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടയുള്ള പ്രമുഖർ.

**President, Vice President and Prime Minister pay tribute to freedom fighter and tribal leader Birsa Munda on Jan Jatiya Gaurav Diwas.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്ത് സന്ദർശിക്കുന്നു. മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി അവലോകനം ചെയ്യും.

**Prime Minister Narendra Modi visits Gujarat and Reviews progress of Mumbai-Ahmedabad high-speed rail corridor.**

3. ജമ്മു കശ്മീരിൽ നൗഗാം പോലീസ് സ്റ്റേഷനിലുണ്ടായ സ്ഫോടനത്തിൽ ഒമ്പത് പേർക്ക് ജീവൻ നഷ്ടപ്പെട്ടു. മുപ്പതോളം പോലീസുദ്യോഗസ്ഥർക്കും പരിക്ക്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് ആഭ്യന്തര മന്ത്രാലയം

Nine people lost their lives in a blast at Nowgam police station in Jammu and Kashmir. Around 30 police personnel injured. An investigation is underway says

4. കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. തീവ്രവോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമറേഷൻ ഫോം ലഭിക്കാത്തവർക്കായി സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

Filing of nomination for local body general elections is progressing in Kerala. The Chief Electoral Officer says that a special drive will conducts for those who have not received enumeration forms as part of the SIR.

5. മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. മുൻചീഫ് സെക്രട്ടറി കെ ജയകുമാറിന്റെ അധ്യക്ഷതയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇന്ന് മുതൽ പുതിയ ഭരണസമിതി .

The Sabarimala temple will open tomorrow for the Mandala – Makaravilakku Mahotsav. Travancore Devaswom Board have new governing body from today under the chairmanship of former Chief Secretary K Jayakumar

6. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ആദ്യ ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിനത്തിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് പുരോഗമിക്കുന്നു.

India's first innings is progressing on the second day of the first Test match against South Africa.

&&&&&&&&&&&&&&&&&&

## HEADLINE-2

## PM-GUJARAT VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്ത് സന്ദർശിക്കുന്നു. മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി സൂറത്തിൽ നിർമ്മാണത്തിലിരിക്കുന്ന ബുള്ളറ്റ് ട്രെയിൻ സ്റ്റേഷൻ സന്ദർശിച്ചു. ബുള്ളറ്റ് ട്രെയിൻ സ്റ്റേഷൻ പ്രദേശത്തെത്തിയ ശ്രീ മോദി ഉദ്യോഗസ്ഥരുമായി സംവദിക്കുകയും പ്രവൃത്തികൾ അവലോകനം ചെയ്യുകയും ചെയ്തു. ബുള്ളറ്റ് ട്രെയിൻ മുംബൈയ്ക്കും അഹമ്മദാബാദിനും ഇടയിലുള്ള യാത്രാ സമയം ഏകദേശം രണ്ട് മണിക്കൂറായി കുറയ്ക്കും. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാമത് ജന്മ വാർഷികത്തോടനുബന്ധിച്ച് നർമ്മദ ജില്ലയിൽ സംഘടിപ്പിക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. **9,700 കോടി രൂപയുടെ** അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-3

## MHA-NOWGAM (INTRO)

***ജമ്മു കശ്മീരിലെ നൗഗാം പോലീസ് സ്റ്റേഷനിൽ ഇന്നലെ രാത്രി ഉണ്ടായ ആകസ്മിക സ്ഫോടനത്തിൽ ഒമ്പത് പേർക്ക് ജീവൻ നഷ്ടപ്പെട്ടു. സംഭവത്തിൽ 27 പോലീസ് ഉദ്യോഗസ്ഥർക്കും രണ്ട് റവന്യൂ ഉദ്യോഗസ്ഥർക്കും മൂന്ന് സാധാരണക്കാർക്കും പരിക്കേറ്റതായി ജമ്മു കശ്മീർ ഡിവിഷൻ ആഭ്യന്തരകാര്യ ജോയിന്റ് സെക്രട്ടറി പ്രശാന്ത് ലോഖണ്ഡെ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പരിക്കേറ്റവരെ ഉടൻ തന്നെ വൈദ്യസഹായത്തിനായി എത്തിച്ചതായി അദ്ദേഹം പറഞ്ഞു. തെരച്ചലിനിടെ കണ്ടെടുത്ത സ്ഫോടകവസ്തുക്കളുടെയും രാസവസ്തുക്കളുടെയും വലിയ ശേഖരം സംസ്കരിക്കുന്നതിനിടെയാണ് സ്ഫോടനം നടന്നതെന്ന് ശ്രീ ലോഖണ്ഡെ അറിയിച്ചു.***

*( വോയ്സ്)*

***അപകടകാരണം അന്വേഷിച്ചുവരികയാണെന്നും ഊഹാപോഹങ്ങൾ ഒഴിവാക്കണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.***

&&&&&&&&&&&&&&&&&&

**HEADLINE-1**

**JANJATIYA GAURAV DIVAS**

സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികം രാജ്യം ഇന്ന് ജൻ ജാതിയ ഗൗരവ് ദിവസായി ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ പാർലമെന്റ് സമുച്ചയത്തിൽ ബിർസ മുണ്ടയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, ലോക്സഭാ സ്പീക്കർ ഓം ബിർള എന്നിവർ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&&

**Bhagwan Birsa Munda**

ബിർസ മുണ്ടയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും ശ്രദ്ധാഞ്ജലി അർപ്പിച്ചു. മാതൃരാജ്യത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിൽ ബിർസ മുണ്ടയുടെ സമാനതകളില്ലാത്ത സംഭാവനകളെ മുഴുവൻ രാഷ്ട്രവും ആദരപൂർവ്വം സ്മരിക്കുന്നു എന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. വിദേശ ഭരണത്തിന്റെ അനീതികൾക്കെതിരായ ബിർസ മുണ്ടയുടെ പോരാട്ടവും ത്യാഗവും എല്ലാ തലമുറകൾക്കും പ്രചോദനം നൽകുന്നതായിരിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഗോത്ര സ്വത്വത്തിൻറെയും ഇന്ത്യൻ അഭിമാനത്തിന്റെയും പ്രതീകമായും മഹാനായ സ്വാതന്ത്ര്യ സമര സേനാനിയായും ബിർസ മുണ്ടയെ ആഭ്യന്തര മന്ത്രി അമിത് ഷാ വിശേഷിപ്പിച്ചു.

&&&&&&&&&&&&&&&&&&

**JHARKHAND DAY-WISHES**

ഝാർഖണ്ഡ് സ്ഥാപക ദിനമായ ഇന്ന്, രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ബിർസ മുണ്ടയുടെ നാട്ടിലെ കഠിനാധ്വാനികളായ ജനങ്ങൾ സംസ്ഥാനത്തിന്റെയും മുഴുവൻ രാജ്യത്തിൻറെയും അഭിമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.രാജ്യത്തിന്റെ വികസനത്തിൽ ഝാർഖണ്ഡ് വിലമതിക്കാനാവാത്ത പങ്ക് വഹിക്കുന്നുണ്ടെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. ഗോത്ര സംസ്കാരത്താൽ സമ്പന്നമായ ബിർസ മുണ്ടയുടെ നാടിന് ധൈര്യത്തിൻറെയും പോരാട്ടത്തിൻറെയും ആത്മാഭിമാനത്തിൻറെയും കഥകൾ നിറഞ്ഞ ഒരു ചരിത്രമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**BIHAR-POST RESULT DATA -INTRO**

***ബിഹാറിൽ,പുതിയ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് എൻഡിഎ സഖ്യ കക്ഷികളുടെ അനൗപചാരിക യോഗം ഇന്ന് പട്നയിൽ നടക്കും.***

***വിശദാംശങ്ങളിലേക്ക്........***

***(വോയിസ്)***

***ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ, കഴിഞ്ഞ നിതീഷ് കുമാർ സർക്കാരിലെ 29 മന്ത്രിമാരിൽ 28 പേരും വിജയം നേടി. ബിജെപിയിൽ നിന്നുള്ള 17 മന്ത്രിമാരും വിജയിച്ചു. ഇത്തവണ, ഏറ്റവും വലിയ വിജയ ഭൂരിപക്ഷം രേഖപ്പെടുത്തിയത് പൂർണിയയിലാണ്, ജെഡിയുവിന്റെ കലാധർ മണ്ഡൽ എതിരാളിയായ ബീമ ഭാരതിയെ രൂപൗളി നിയമസഭാ മണ്ഡലത്തിൽ 73,500 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് പരാജയപ്പെടുത്തിയത്. ഏറ്റവും കുറഞ്ഞ വിജയ ഭൂരിപക്ഷം, ഭോജ്പൂർ ജില്ലയിലെ സന്ദേശ് നിയമസഭാ മണ്ഡലത്തിലാണ്. , ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ, ജെഡിയുവിന്റെ രാധാ ചരൺ ഷാ, ആർജെഡി സ്ഥാനാർത്ഥിയെ വെറും 27 വോട്ടുകൾക്കാണ് തോൽപ്പിച്ചത്. 2020 ൽ 75 സീറ്റുകൾ നേടിയ രാഷ്ട്രീയ ജനതാദൾ പാർട്ടിക്ക് ഇത്തവണ 50 സീറ്റുകൾ നഷ്ടപ്പെട്ടു. കോൺഗ്രസിന് 13 സീറ്റുകൾ നഷ്ടപ്പെട്ടു. അതേസമയം മുൻ തിരഞ്ഞെടുപ്പിൽ നാല് സീറ്റുകൾ നേടിയ വികാശീൽ ഇൻസാൻ പാർട്ടിക്ക് ഇത്തവണ അക്കൗണ്ട് തുറക്കാനായില്ല. നളന്ദ***

***ജില്ലയിലെ ഹർനൗത് സീറ്റിൽ നിന്ന് വിജയിച്ച ഹരിനാരായണൻ സിംഗ് പത്താം തവണയും എംഎൽഎയായി, ബീഹാർ നിയമസഭയിൽ റെക്കോർഡ് സൃഷ്ടിച്ചു. - ഇത്തവണ 28 വനിതാ സ്ഥാനാർത്ഥികളാണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഇതിൽ 10 പേരും ബിജെപി ടിക്കറ്റിലാണ് വിജയിച്ചത്.***

*ന്യൂസ് ഡെസ്ക് ആകാശവാണി*

**&&&&&&&&&&&&&&&&&&**

**IFFI**

ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിലെ മീഡിയ രജിസ്ട്രേഷൻ ഈ മാസം 17 വരെ നീട്ടി. ഈ മാസം 20 മുതൽ 28 വരെ ഗോവയിലെ പനാജിയിലാണ് 56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേള സംഘടിപ്പിക്കുന്നത്.

**&&&&&&&&&&&&&&&&&&**

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

(ബ്രേക്ക്)

**&&&&&&&&&&&&&&&&&&**

**HEADLINE-4**

**KERALA LSG POLL**

കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21 വരെ പത്രികകൾ സമർപ്പിക്കാം.

1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പുറത്തിറക്കി. അടുത്ത മാസം 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

**&&&&&&&&&&&&&&&&&&**

**HEADLINE-4A**

**ALL PARTY MEETING**

തീവ്രവോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗം തിരുവനന്തപുരത്ത് ചേർന്നു. എന്യൂമറേഷൻ ഫോം ലഭിക്കാത്തവർക്കായി സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന് അദ്ദേഹം അറിയിച്ചു. തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഫോം വിതരണം മാറ്റിവക്കണമെന്ന ആവശ്യം വിവിധ രാഷ്ട്രീയ കക്ഷികൾ യോഗത്തിൽ ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

**KERALA ELECTION**

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രികാ സമർപ്പണത്തിനിടെ പ്രചാരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് വിവിധ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും. വീടുകളിൽ എത്തി സമ്മതിദായകരെ നേരിൽ കണ്ട് വോട്ട അഭ്യർത്ഥിക്കാൻ സ്ഥാനാർത്ഥികൾക്കൊപ്പം മുതിർന്ന നേതാക്കളും സജീവമാണ്.

&&&&&&&&&&&&&&&&&&

**HEADLINE-5**

**SABARIMALA (INTRO)**

*മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല നട നാളെ വൈകിട്ട് തുറക്കും. വെർച്വൽ ക്യൂ വഴി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും. അവസാനവട്ട തയാറെടുപ്പുകൾ പുരോഗമിക്കുകയാണ്.*

*വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**HEADLINE-5A**

## DEVASWOM BOARD

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ സത്യപ്രതിജ്ഞ ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി പി എൻ ഗണേശൻ പോറ്റി സത്യവാചകം ചൊല്ലിക്കൊടുത്തു. ദേവസ്വം ബോർഡ് അംഗമായി കെ. രാജുവും ചുമതലയേറ്റു.

&&&&&&&&&&&&&&&&&

## HEADLINE-6

## cricket

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ആദ്യ ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിനത്തിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 6 വിക്കറ്റിന് 172 റൺ നേടിയിട്ടുണ്ട്. ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 159 റൺസിന് പുറത്തായിരുന്നു. പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരം ഈ മാസം 22 മുതൽ ഗുവാഹത്തിയിൽ നടക്കും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&